**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സൗഹൃദ നവകേരളം എന്ന ലക്ഷ്യത്തിലെത്തുന്നതിന് സംസ്ഥാനത്തെ ബിസിനസ് അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്ന കാഴ്ചപ്പാടോടെ സംസ്ഥാനത്തെ സംരംഭക അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴി സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും പ്രവർത്തനം നടത്തിവരുന്നു.<br><br>വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ നടപ്പിലാക്കിയിട്ടുണ്ട് കൂടാതെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നയപരമായ വളരെയധികം തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കിയും വരുന്നു.<br><br>2016 മുതലാണ് സംസ്ഥാനം ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ തുടങ്ങിയത്. ഇതിലേക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ഒരു നോഡൽ ഏജൻസിയായി നിയോഗിച്ചു. സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും അതുവഴി കൂടുതൽ പുതിയ വ്യവസായസംരംഭങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കേണ്ട കാര്യങ്ങൾ വിവിധ സർക്കാർ |

| | | | |
|---|---|---|---|
| | | | വകുപ്പുകളും ഏജൻസികളും ഏറ്റെടുത്ത് നടത്തിവരുന്നു.<br><br>ഇത്തരത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മാതൃകാപരമായ ചില നിയമനിർമ്മാണങ്ങൾ/ സംവിധാനങ്ങൾ താഴെ പറയുന്നു.<br><br>കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്, 2018<br><br>കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019<br><br>കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം<br><br>ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്ക് (കോൾ സെന്റർ)<br><br>കേന്ദ്രീകൃത പരിശോധനാ സംവിധാനം (കെ-സിസ്)<br><br>കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 - ന്റെ ഭേദഗതികൾ<br><br>1999 ലെ ഏകജാലക നിയമത്തിൽ 2022 ൽ കൊണ്ടുവന്ന ഭേദഗതിയിലൂടെ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നിയമ സാധുതയുള്ള പരാതി പരിഹാര സംവിധാനം<br><br>മേല്പറഞ്ഞ നയപരമായ നടപടികൾ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെ നിലവിൽ കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ സംസ്ഥാനത്തിന് പുരോഗതി നേടുവാൻ സാധിച്ചിരുന്നോ; വിശദമാക്കുമോ; | (ബി) | സാധിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ മുൻപുണ്ടായിരുന്ന 28-ാം സ്ഥാനത്തുനിന്ന് 15-ാം സ്ഥാനത്തേയ്ക്ക് മുന്നേറുവാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. |
| (സി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കൂടുതൽ പുരോഗതി നേടുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നടപ്പാക്കുവാനുദ്ദേശിക്കുന്നതും വികസനം സുഗമമാക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ വളരെ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റേയും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച്, യാഥാർത്ഥ്യ ബോധത്തോടെ കേരള വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ സാഹചര്യത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ളതും സ്ഥായിയായതുമായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി നയം മുന്നോട്ട് വയ്ക്കുന്നു.<br><br>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കൂടുതൽ പുരോഗതി നേടുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ/ സംവിധാനങ്ങൾ താഴെ പറയുന്നു.<br><br>കോമ്പോസിറ്റ് ലൈസൻസ്<br><br>പരാതിപരിഹാര സംവിധാനം<br><br>നിയന്ത്രണ വ്യവസ്ഥകളുടെ ഉദാരവത്ക്കരണം<br><br>കടലാസുരഹിത ഇടപാടുകൾ<br><br>അധികാര വികേന്ദ്രീകരണം<br><br>നിയമങ്ങളും ചട്ടങ്ങളും ക്രോഡീകരിച്ച സംവിധാനം<br><br>ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്ക് 2.0<br><br>നിരന്തര പങ്കാളിത്ത സമ്പർക്കങ്ങൾ<br><br>പുതിയ മേഖലകൾക്ക് വ്യവസായ പദവി<br><br>നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരിശീലനം<br><br>ശക്തമായ വ്യവസായ സംയോജന സംവിധാനം<br><br>നിക്ഷേപം നേടാനുള്ള സംവിധാനം |

സെക്ഷൻ ഓഫീസർ